(1)	(2)	(3)
	മാർച്ച്	19 ദിവസം
	ഏപ്രിൽ	19 ,,
	മേയ്	22 ,,
	ജൂൺ	22 ,,
	ജൂലൈ	11 ,,

(സി) കശുവണ്ടി വികസന കോർപ്പറേഷന് ബാങ്കുകളുമായി വർദ്ധിച്ച ബാദ്ധ്യതയുണ്ടായിരുന്നതിനാൽ ബാങ്കുകൾ സാമ്പത്തികസഹായം നൽകാതിരിക്കുകയായിരുന്നു. അതിനാൽ തോട്ടണ്ടി വാങ്ങി തൊഴിലാളികൾക്ക് ജോലി നൽകാൻ സാധിക്കാതെ വന്നപ്പോൾ ബാങ്കുകളുമായി പലവട്ടം സർക്കാർ തലത്തിൽ ചർച്ച നടത്തി ബാങ്ക് ബാദ്ധ്യതയായ 122 കോടി രൂപ ചർച്ചയിൽ 107.57 കോടിയായി നിജപ്പെടുത്തുകയും ഇത് പലിശ സഹിതം 5 വാർഷിക ഗഡുക്കളായി നൽകാൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് 31-3-2004, 31-3-2005 എന്നീ തീയതികളിൽ അടയ്ക്കേണ്ട 2 വാർഷിക ഗഡുക്കൾ സർക്കാർ ധനസഹായത്താൽ അടയ്ക്കുകയും ചെയ്തു. ഇതിൽ ഒന്നാമത്തെ ഗഡു അടച്ചതിനെത്തുടർന്ന് ബാങ്കുകളിൽ നിന്നും ധനസഹായം ലഭ്യമാവുകയും 6-12-2004 മുതൽ ഫാക്ടറി തുറന്ന് പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തു. ഈ സർക്കാർ നടപടികളുടെ ഭാഗമായി ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ചതിന്റെ ഫലമായി കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ തൊഴിൽദിനങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

(ഡി) ദീർഘകാലമായി അടഞ്ഞുകിടന്നിരുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ നടപടികൾമൂലം സാധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ സർക്കാർ നൽകിവരുന്നുണ്ട്. കൂടുതൽ വിപുലപ്പെടുത്തുന്നകാര്യം ഇപ്പോൾ സർക്കാർ തലത്തിൽ ആലോചിക്കുന്നില്ല.

നിയമസഭയിലെ ചർച്ചയ്ക്കുശേഷം കരിമണൽ ഖനനത്തിലെ തുടർനടപടികൾ

4 [3515] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*

,, *ടി. എം. ജേക്കബ്:*

,, *ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നിയമസഭയിൽ കരിമണൽ ഖനനത്തെക്കുറിച്ചുള്ള ചർച്ചയ്ക്കുശേഷം കരിമണൽ ഖനനത്തെക്കുറിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കരിമണൽ ഖനനം അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയിലാണ്.

ഊർജ്ജ-പ്രകൃതിവാതക വ്യവസായ രംഗത്തെ മുതൽമുടക്ക്

5 [3516] *ശ്രീ. എം. വി. ജയരാജൻ:*

,, *പി. ജയരാജൻ:*

,, *പി. സി. ജോർജ്:*

,, *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജ-പ്രകൃതി വാതക വ്യവസായരംഗത്തെ മുതൽമുടക്കിനെക്കുറിച്ച് പഠിക്കാൻ വിദേശ നിക്ഷേപകർ കേരളത്തിൽ വന്നിട്ടുണ്ടായിരുന്നോ;

(ബി) ഏതെല്ലാം വിദേശ കമ്പനികൾ ഏതെല്ലാം പദ്ധതികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം പദ്ധതിയുടെ കാര്യത്തിൽ ഏതെല്ലാം വിദേശ കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താൻ അന്തിമമായി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) 1996-2001 കാലത്ത് സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വിദേശ നിക്ഷേപം ഉണ്ടായിട്ടുണ്ട്; ഇപ്പോഴത്തെ സർക്കാരിന്റെ കാലയളവിൽ എത്ര പുതിയ വിദേശ നിക്ഷേപം ഉണ്ടായി;

(ഇ) യു.ഡി.എഫ്. സർക്കാർ 'ജിം' സംഘടിപ്പിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾവഴി മൊത്തം എന്തു തുക ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ജിം സംഘടിപ്പിക്കുന്നതിന് നോഡൽ ഏജൻസിയായി നിയോഗിച്ചിരുന്ന കെ.എസ്.ഐ.ഡി.സി. മുഖേന 546.95 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly